LIBRARY ARCHIVES Kerala Legislative Assembly

ആമമുട്ടകൾ അപഹരിക്കുന്ന നടപടി

66 (3275) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം കടൽ തീരത്ത് ആമകൾ മുട്ടയിടാറുണ്ട് ;

(ബി) മുട്ട സംരക്ഷിച്ച് ആമകുഞ്ഞുങ്ങൾ കടലിലെത്തുന്നതുവരെ എന്തെല്ലാം സുരക്ഷിതത്വ നടപടികൾ സ്വീകരിക്കാറുണ്ട് ;

(സി) ചാവക്കാട് തീരത്ത് ആമകളിടുന്ന മുട്ട മോഷ്ടാക്കൾ എടുത്തു കൊണ്ടുപോയി വിപണനം നടത്താറുണ്ടോ എന്നന്വേഷിക്കുമോ :

(ഡി) ആമ മുട്ടകൾ അപഹരിക്കാതിരിക്കുന്നതിന് വേണ്ട നടപടികളെടുക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരപ്രദേശത്ത് അനവധി പ്രദേശങ്ങളിൽ ആമകൾ മുട്ടയിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് കണ്ടുവരുന്നത്.

(ബി) വന്യമൃഗ സംരക്ഷണ നിയമം കർശനമായി നടപ്പാക്കുക, സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അവർക്ക് സുരക്ഷിതത്വം നൽകുന്നതിനുള്ള അവബോധം വളർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി&ഡി) അന്വേഷണം നടത്തുകയും വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

വിദേശ ആഭ്യന്തര ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടെ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

67 (3276) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം പ്രദേശങ്ങളിലാണ് ശുദ്ധജല ക്ഷാമം നേരിടുന്നത് ;

(ബി) സംസ്ഥാനത്ത് വിദേശ ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ വൻകിട പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ) രൂക്ഷമായ വരൾച്ച ആയതിനാൽ മിക്ക ജില്ലകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വിശദ വിവരം അനുബന്ധം എ-യിൽ കൊടുത്തിട്ടുണ്ട്.*

(ബി) കേരള റൂറൽ വാട്ടർ സപ്ലൈ& സാനിട്ടേഷൻ ഏജൻസി ലോകബാങ്ക് സഹായത്തോടെ ജലനിധി കുടിവെള്ള ശുചിത്വ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ പേരു വിവരങ്ങൾ അനുബന്ധം ബി-യിലും ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ പേരുവിവരങ്ങൾ അനുബന്ധം സി.ഡി.ഇ. ഇവയിലും ചേർത്തിട്ടുണ്ട്.*

(സി) ലോകബാങ്ക് സഹായത്തോടുകൂടി ജലനിധി പദ്ധതി, കൊടകപ്പറമ്പ, വെസ്റ്റ് മണലയ, പോത്തുകൽ, പാണഞ്ചേരി എന്നീ വൻകിട പദ്ധതികൾ നടപ്പാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വൻകിട പദ്ധതികളുടെ പേരുവിവരം അനുബന്ധം എഫ്-ൽ ചേർത്തിട്ടുണ്ട്.*

കരമനയാറിന്റെ സംരക്ഷണത്തിന് നടപടി

68 (3277) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുന്ന കരമനയാറിന്റെ സംരക്ഷണത്തിന് പമ്പ ആക്ഷൻ പ്ലാനിന്റെ മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 2005-06 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കരമനയാറിന്റെ സൗന്ദര്യവൽക്കരണ പരിപാടികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) കരമനയാറിന്റെ ഇരുവശങ്ങളിലും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കലും മറ്റ് നവീകരണ പദ്ധതികളുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി&ഡി) ക്രിട്ടിക്കൽ ആന്റി റിവർ എറോഷൻ വർക്ക്സ് ഇൻ കോസ്റ്റൽ ആന്റ് അദർ ദാൻ ഗംഗാ ബേസിൻ സ്റ്റേറ്റ്സ് (Critical anti-river erosion works in coastal and other than Ganga Basin States) എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കരമനയാറിന്റെ ഇരുകരകളും സംരക്ഷിക്കുന്നതിന് 5.80 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഇപ്പോൾ ഏറ്റെടുക്കുവാൻ നിർവാഹമില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly